I/74947/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/2022/2023-ACT C

തീയതി :14-02-2023

# ക്വട്ടേഷൻ പരസ്യം

വികാസ് ഭവൻ സമുച്ചയത്തിലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫിസിന് മുന്നിൽ സ്ഥാപിച്ചിട്ടുള്ള സോഫ സെറ്റി 5 സീറ്റ് (3+1+1) നിലവിലുള്ള കാലഹരണപ്പെട്ട കുഷ്യൻ മാറ്റി റക്സിൻ മെറ്റീറിയൽ ഉപയോഗിച്ച് പുതുക്കി പണിയുന്നതിന് മുദ്രവച്ച കവറുകളിൽ നിശ്ചിത മാതൃകയിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 'സോഫ സെറ്റി പുതുക്കി പണിയുന്നതിനുള്ള ക്വട്ടേഷൻ' എന്ന് കവറിനു പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അക്കൗണ്ട്സ് ഓഫീസർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫീസ്, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ **22-02-2023 രാവിലെ 11.30 വരെ** സ്വീകരിക്കുന്നതും ലഭ്യമായവ അന്നേ ദിവസം ഉച്ച കഴിഞ്ഞ് 2 മണിക്ക് അക്കൗണ്ട്സ് ഓഫീസറുടെ ചേമ്പറിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആളിന്റെ പേരിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ അന്തിമ അംഗീകാരത്തിന് വിധേയമായി ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തിക്കിട്ടിയ ആൾ നിശ്ചിത മാതൃകയിൽ മുദ്ര പത്രത്തിൽ കരാർ വയ്ക്കേണ്ടതും 1000/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് / F.D നിരത ദ്രവ്യമായി കെട്ടി വയ്ക്കേണ്ടതും ആഫീസിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പണിപൂർത്തിയാക്കി നൽകേണ്ടതുമാണ്. GST ഉൾപ്പെടെ മൊത്തം നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ റദ്ദാക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ചുവടെ ഒപ്പിട്ടിരിക്കുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്. മറ്റ് സർക്കാർ ക്വട്ടേഷനുകൾക്ക് ഉള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. വിശദവിവരങ്ങൾ ആവശ്യമെങ്കിൽ ആഫീസ് പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും നേരിട്ട ലഭ്യമാക്കുന്നതാണ്.

Signed by
Baiju.s
Date: 15-02-2023 21:44:00

BAIJU.S

ACCOUNTS OFFICER

കൃഷി ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ , IT സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. കൃഷി ഡയറക്ടറുടെ മേശമേൽ
4. കൃഷി അഡീഷണൽ ഡയറക്ടർ(പ്ലാനിംഗ്)
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

6. സീനിയർ ഫിനാൻസ് ആഫീസർ
7. വിജിലൻസ് ആഫീസർ
8. കരുതൽ ഫയൽ 2023/അധികം